# അഫിലിയേഷൻ നിബന്ധനകൾ

(വാഫി വഫിയ്യ വഫിയ്യ_ഡേ കോളേജ്)

تنسيق الكليات الاسلامية

**CO-ORDINATION OF ISLAMIC COLLEGES**

**Member, International Islamic Universities League**

**ISO 9001: 2015 Certified**

Reg. No: 379/04, HO: Markaz Valanchery, PO: Karthala, 679571, Malappuram, Kerala-India
Ph: 7025687788, 9497313222, www.wafycic.com, wafycic@gmail.com

01-01-2018

**കോ ഓർഡിനേഷൻ ഓഫ് ഇസ്‌ലാമിക് കോളേജസ് (CIC)**

**ലക്ഷ്യങ്ങളും നയങ്ങളും**

മത ഭൗതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഇസ്ലാമിക കോളേജുകളുടെ അക്കാദമിക് പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടി വളാഞ്ചേരി മർക്കസുത്തർബിയ്യത്തിൽ ഇസ്ലാമിയ്യ ആസ്ഥാനമായി രണ്ടായിരത്തിൽ നിലവിൽ വന്ന അക്കാദമിക് ബോഡിയാണ് കോർഡിനേഷൻ ഓഫ് ഇസ്ലാമിക് കോളേജസ് (സി.ഐ.സി). ഒരു യൂണിവേഴ്സിറ്റിയുടെ മുഴുവൻ പ്രവർത്തനങ്ങളും ഈ ബോഡി നിർവ്വഹിച്ചുവരുന്നു. അന്താരാഷ്ട്ര ഇസ്ലാമിക് യൂണിവേഴ്സിറ്റീസ് ലീഗിൽ സി.ഐ.സി. അംഗത്വം നേടിയിട്ടുണ്ട്. നിലവിൽ 69 വാഫി വഫിയ്യ കോളേജുകൾ സി.ഐ.സി.യോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

‘‘മത വിദ്യാഭ്യാസത്തിന് തടസ്സമാകാതെ ഭൗതിക വിദ്യാഭ്യാസവും ഭൗതിക വിദ്യാഭ്യാസത്തിന് തടസ്സമാകാതെ മത വിദ്യാഭ്യാസവും’’ എന്നതാണ് സി.ഐ.സി.യുടെ മുഖമുദ്ര. സാർവത്രികമായി നടക്കുന്ന ഇസ്ലാമിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഗുണനിലവാരം കൊണ്ട് വാഫി വഫിയ്യ കോഴ്സുകൾ വേറിട്ട് നിൽക്കണമെന്ന് സി.ഐ.സി. ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്യുന്നു.

## അഫിലിയേഷൻ ലഭിക്കാനുള്ള പ്രധാന മാനദണ്ഡങ്ങൾ.

1. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ (ട1.1934/35) ആശയാദർശങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ അംഗത്വത്തിന് (അഫിലിയേഷന്) അർഹതയുള്ളൂ.
2. സ്ഥാപനത്തിന് കെട്ടുറപ്പുള്ള സ്വസ്ഥമായി പ്രവർത്തിക്കുന്ന ഭരണ സമിതി ഉണ്ടായിരിക്കേണ്ടതാണ്.
3. ഭരണ സമിതി വാഫിവഫിയ്യ കോഴ്സുകൾ തിരഞ്ഞെടുക്കുന്നത് അവയുടെ മികവും വ്യതിരിക്തതകളും വ്യക്തമായി തിരിച്ചറിഞ്ഞായിരിക്കേണ്ടതാണ്.
4. കോഴ്സ് കാലാവധി തീർത്തും സ്ഥാപനം പ്രവർത്തിപ്പിക്കേണ്ടതും ഇടക്കാലത്ത് നിറുത്തിവെക്കാൻ പാടില്ലാത്തതുമാണ്. (ഇക്കാര്യത്തിൽ പ്രത്യേകം കരാർ ഒപ്പിടേണ്ടതാണ്.)
5. സ്ഥാപനം ശാന്തമായി വേറിട്ടു നിന്ന് പ്രവർത്തിക്കുന്നതായിരിക്കണം.
6. സ്ഥാപനം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധാകേന്ദ്രവും അഭിമാനവുമായിരിക്കേണ്ടതാണ്.
7. സ്ഥാപനം അടിസ്ഥാന അക്കാദമിക് സൗകര്യങ്ങളിൽ ഗുണമേന്മ പുലർത്തുന്നതായിരിക്കാൻ എപ്പോഴും ഭരണ സമിതി ശ്രദ്ധിക്കേണ്ടതും ദീനീ വിദ്യാഭ്യാസത്തെ മോഹനമാക്കാൻ ശ്രമിക്കേണ്ടതുമാണ്.
8. അഫിലിയേഷൻ സമയത്ത് ആവശ്യമായ ടീച്ചിങ് നോൺ ടീച്ചിങ് സ്റ്റാഫുകളുടെ ലഭ്യത ഉറപ്പുവരുത്തി സി.ഐ.സിയെ ബോധ്യപ്പെടുത്തേണ്ടതാണ്.

# അഫിലിയേഷനുള്ള പൊതു നിബന്ധനകൾ

1. പുതിയ അഫിലിയേഷനുള്ള അപേക്ഷ ഓഫീസിൽ നിന്ന് നേരിട്ട് കൈപ്പറ്റി പൂരിപ്പിച്ച് ഡിസമ്പർ 31നു മുമ്പായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
2. അഫിലിയേഷൻ അപേക്ഷയോടൊപ്പം കാമ്പസ് സൈറ്റ് മാപ്പും ബിൽഡിംഗിന്റെ ഡ്രോയിങ്ങും അളവുകളും സമർപ്പിക്കേണ്ടതാണ്.
3. ഫെബ്രുവരി 15 ന് മുമ്പ് തംഹീദിയ്യ ഘട്ടത്തിലേക്കുള്ള (2 വർഷത്തേക്കുള്ള) സൗകര്യങ്ങൾ ഒരുക്കി ഇൻസ്പെക്ഷന് സജ്ജമാകേണ്ടതാണ്. നിർദ്ദിഷ്ട സൗകര്യങ്ങൾ താഴെ ചേർക്കുന്നു:

**Building Area** (Minimum) **for CIC Affiliation**

| Sl. No. | PARTICULARS | PREPARATORY | DEGREE | TOTAL |
|---|---|---|---|---|
| 1 | Class Rooms | 800 | 1600 | 2400 |
| 2 | Hostel | 2400 | 4000 | 6400 |
| 3 | Staff Hostel | 300 | 300 | 600 |
| 4 | Library & Auditorium | 600 | 600 | 1200 |
| 5 | Office | 150 | | 150 |
| 6 | Principal Office | 100 | | 100 |
| 7 | Staff room | 100 | 100 | 200 |
| 8 | Computer Lab | 100 | 100 | 200 |
| 9 | Kitchen & Store Room | 300 | 100 | 400 |
| 10 | Dining Hall | 600 | 600 | 1200 |
| 11 | Bathroom | 400 | 400 | 800 |
| 12 | Medical & Activity Room | 200 | 100 | 300 |
| 13 | Guest Room | 200 | | 200 |
| | **TOTAL** | **6250** | **7900** | **14150** |

1. തംഹീദിയ്യ (Preparatory), ആലിയ (Degree), മുത്വവ്വൽ (PG) എന്നീ മൂന്നു ഘട്ടങ്ങൾക്ക് (സൗകര്യങ്ങൾ പൂർത്തിയാക്കുതിനനുസരിച്ച്) വ്യത്യസ്ത അംഗീകാരമാണ് ലഭിക്കുക.
2. വിദ്യാർത്ഥികളുടെ അഡ്മിഷൻ, പരീക്ഷ തുടങ്ങിയവയിൽ സി.ഐ.സി. നിഷ്കർഷിക്കുന്ന നിബന്ധനകളും മാനദണ്ഡങ്ങളും പൂർണ്ണമായി പാലിക്കേണ്ടതാണ്.
3. കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ വാഫി സ്റ്റുഡന്റ്സ് ഫെഡറേഷൻ സ്റ്റേറ്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടത്തേണ്ടതാണ്.
4. അഫിലിയേഷൻ ഫീ 25,000 രൂപ അഫിലിയേഷൻ ലഭിക്കുന്ന സമയത്തും, ഇൻസ്പെക്ഷൻ ചാർജ് 2,500 രൂപ അഫിലിയേഷൻ അപേക്ഷാ സമയത്തും നൽകേണ്ടതാണ്.
5. അഫിലിയേറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ മാസന്തോറും 3000 രൂപ വീതം അടക്കേണ്ടതാണ്.

### 1. അടിസ്ഥാന സൗകര്യങ്ങൾ

**(a) ക്ലാസ് റൂം**

1. ഓരോ ക്ലാസ് റൂമും 20X20 വിസ്തൃതിയിൽ (ഒരു ക്ലാസ്സ് റൂമിൽ ഒരു വിദ്യാർത്ഥിക്ക് മിനിമം 10 സ്ക്വയർ ഫീറ്റ് സൗകര്യം) ക്രമീകരിക്കേണ്ടതാണ്.
2. രണ്ടുക്ലാസുകൾക്കിടയിൽ സ്ക്രീനുകളോ മറ്റു താൽക്കാലിക ഡിവൈഡറുകളോ മതിയാകുന്നതല്ല.
3. ഒരു ക്ലാസിൽ ചുരുങ്ങിയത് 10 കുട്ടികൾ ഉണ്ടായിരിക്കേണ്ടതാണ്.
4. ക്ലാസ് റൂമുകളിൽ മതിയായ ലൈറ്റ്, ശീതീകരണ സംവിധാനം (മിനിമം 2 റ്റ്യൂബ്, 2 ഫാൻ).
5. 30 കുട്ടികൾക്ക് ഒരു ഡിവിഷൻ, 4 വിദ്യാർത്ഥികൾക്ക് ഒരു ബെഞ്ച്, ഡെസ്ക്.
6. ബ്ലാക്ക് ബോർഡ്, പുസ്തകം വെക്കാനാവശ്യമായ ഷെൽഫുകൾ, അധ്യാപകർക്ക് മേശ, പീഠം.

**(b) ലൈബ്രറി**

കോഴ്സിന്റെ വിവിധ ഘട്ടങ്ങളിൽ താഴെ പറയുന്ന സൗകര്യങ്ങളുള്ള ലൈബ്രറി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്:

1. സുബ്ഹി മുതൽ രാത്രി 11 മണിവരെ പ്രവർത്തിക്കുക.
2. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് വിസ്തൃതിയുണ്ടായിരിക്കുക.
3. ഓരോ വർഷവും പുസ്കങ്ങളിൽ 20 ശതമാനം വർദ്ധനവ് വരുത്തുക. (E- Books മതിയാകുന്നതാണ്.)

## തംഹീദിയ്യ (Preparatory)

4. മാതൃഭാഷാ പുസ്തകങ്ങൾ – 500.
5. അറബി ബാലസാഹിത്യ കൃതികൾ – 200.
6. ഇംഗ്ലീഷ് ബാലസാഹിത്യ കൃതികൾ – 100.
7. ഉർദു ബാലസാഹിത്യ കൃതികൾ – 50.
8. സിലബസ് ഗ്രന്ഥങ്ങളും (വാഫി, +2) അതുമായി ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങളും.
9. ദിനപത്രങ്ങൾ : മലയാളം 2, ഇംഗ്ലീഷ് 1.
10. ആനുകാലികൾ : മലയാളം 5, ഇംഗ്ലീഷ് 1, അറബി 1, ഉർദു 1.
11. നിഘണ്ടുകൾ: അറബി - മലയാളം, അറബി - ഇംഗ്ലീഷ്, അറബി - അറബി, ഇംഗ്ലീഷ് - മലയാളം, ഇംഗ്ലീഷ്-അറബി, ഇംഗ്ലീഷ് - ഇംഗ്ലീഷ്, മലയാളം - അറബി, മലയാളം - ഇംഗ്ലീഷ്, മലയാളം-മലയാളം, ഉർദു - മലയാളം, ഉർദു - ഇംഗ്ലീഷ്.
12. മേപ്പുകൾ : വേൾഡ്, ഇന്ത്യ, കേരളം.
13. സിലബസുമായി ബന്ധപ്പെട്ട CD കൾ.
14. പുസ്തകങ്ങൾ ഭംഗിയായി അടുക്കിവെക്കാനാവശ്യമായ ഷെൽഫ്.
15. പിരിയോഡിക്കൽസ് ഡിസ്പ്ലെ സ്റ്റാന്റ്, സർക്കുലേഷൻ ടേബ്ൾ.
16. കാറ്റലോഗ്, രജിസ്റ്ററിംഗ് സംവിധാനം.
17. 20 ശതമാനം വിദ്യാർത്ഥികൾക്ക് വായിക്കാനാവശ്യമായ ടേബ്ൾ, കസേര.

## ആലിയ (Degree)

തംഹീദിയ്യ തലത്തിലെ മുഴുവൻ സൗകര്യങ്ങൾക്കു പുറമെ താഴെ പറയുന്ന അധിക സൗകര്യങ്ങൾ :

18. അറബി ഗ്രന്ഥങ്ങൾ – 700.
19. ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ – 300.
20. ഉർദു ഗ്രന്ഥങ്ങൾ – 100.
21. സിലബസ് ഗ്രന്ഥങ്ങളും (വാഫി, ഡിഗ്രി) അതുമായി ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങളും.
22. ആനുകാലികങ്ങൾ - ഇംഗ്ലീഷ് 1. അറബി 1, ഉർദു 1.
23. ജേണലുകൾ - ഇംഗ്ലീഷ്, അറബി, മലയാളം.
24. സിലബസുമായി ബന്ധപ്പെട്ട CD കൾ

മുത്വവ്വൽ (PG)

തംഹീദിയ്യ, ആലിയ ഘട്ടങ്ങളിലെ മുഴുവൻ സൗകര്യങ്ങൾക്കും പുറമെ താഴെ പറയുന്ന അധിക സൗകര്യങ്ങൾ:

25. 5000 ഗ്രന്ഥങ്ങൾ (തംഹീദിയ, ആലിയ ഘട്ടങ്ങളിലെ ഗ്രന്ഥങ്ങളുൾപ്പെടെ).
26. സിലബസ് ഗ്രന്ഥങ്ങളും അവയുടെ വ്യാഖ്യാനങ്ങളും അതുമായി ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങളും.
27. അറബി, ഇംഗ്ലീഷ്, മലയാളം ഭാഷകളിലായി പരമാവധി ജേണലുകൾ, തിസീസുകൾ, C.D കൾ.

**(c) ഹോസ്റ്റൽ**

1. ഒരു കുട്ടിക്ക് മിനിമം 40 സ്ക്വയർ ഫീറ്റിൽ കുറയാത്ത സിംഗിൾ കട്ടിലോടുകൂടിയ പൂട്ടാൻ പറ്റുന്ന ഹോസ്റ്റൽ.
2. ഡ്രസ്സ് വെക്കാനാവശ്യമായ ബോക്സ്.
3. ആവശ്യത്തിന് അയേൺ ബോക്സ്, ടേബ്ൾ.
4. എട്ട് കുട്ടികൾക്ക് ഒന്ന് വീതം ടൈൽ ചെയ്ത ബാത്ത്റൂമുകളും ടോയ്ലെറ്റുകളും.
5. ഡ്രസ്സിംഗ് കോർണറുകൾ.
6. ഹോസ്റ്റലിനോട് ചേർന്ന് എമർജൻസി ടോയ്ലറ്റ്.
7. അധ്യാപകർക്ക് സൗകര്യപ്രദമായ (കട്ടിൽ, ബെഡ്, മേശ, വസ്ത്രം തൂക്കാനും സൂക്ഷിക്കാനും സൗകര്യം എന്നിവയുള്ള 50 സ്ക്വയർ ഫീറ്റിൽ കുറയാതെ കേബിനായി തിരിച്ച) ഹോസ്റ്റൽ.
8. ബാത്ത് അറ്റാച്ച്ഡ് ഗസ്റ്റ് റൂം.

**(d) ഓഫീസ്**

1. ആവശ്യമായ ഫർണിച്ചറുകൾ :മേശ, ഷെൽഫ്, കസേരകൾ, സന്ദർശർക്ക് ഇരിപ്പിട സൗകര്യം.
2. ഉപകരണങ്ങൾ : കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ.
3. ഫയലുകൾ : സി.ഐ.സി. ഫയൽ, കോളജ് ഫയൽ, ഇൻവാഡ് ഔട്ട്വാഡ്.
4. രജിസ്റ്ററുകൾ : സ്റ്റുഡന്റ്സ് അഡ്മിഷൻ, ടീച്ചേഴ്സ് അഡ്മിഷൻ, ടീച്ചേഴ്സ് അറ്റന്റൻസ് രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, മെഡിക്കൽ റജിസ്റ്റർ, കോളേജ് മൂവ്മെന്റ് രജിസ്റ്റർ, ലീവ് രജിസ്റ്റർ, അസംബ്ലി ഡയറി, സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ, മെമ്മോ ബുക്ക്.
5. സീൽ, ലെറ്റർ പാഡ്, നോട്ടീസ് ബോർഡ്, ഇന്റർനെറ്റ് കണക്ഷൻ.

**(e) പ്രിൻസിപ്പാൾ ഓഫീസ്**

1. മേശ, കസേര, ഷെൽഫ്, സന്ദർശകർക്ക് ഇരിപ്പിട സൗകര്യം.

**(f) സ്റ്റാഫ് റൂം**

1. സ്റ്റാഫ് റൂമിൽ അധ്യാപകരുടെ എണ്ണത്തിനനുസരിച്ച് മേശ, കസേര, ഷെൽഫ്.

## (g) കംപ്യൂട്ടർ ലാബ്

1. 20 കുട്ടികൾക്ക് 1 എന്ന തോതിൽ കംപ്യൂട്ടറുകളും അതിനാവശ്യമായ ടേബ്ൾ, കസേര, തുടങ്ങിയ സൗകര്യങ്ങളും.

## (h) ഓഡിറ്റോറിയം

1. എല്ലാ വിദ്യാർത്ഥികൾക്കും ഒന്നിച്ചിരിക്കാനുള്ള സ്ഥല സൗകര്യം. (കാമ്പസിനുള്ളിലെ പള്ളി മതിയാകുന്നതാണ്).
2. ആവശ്യമായ സൗണ്ട് സിസ്റ്റം.
3. സ്റ്റേജ്.
4. വീഡിയോ ഡിസ്പ്ലെ സൗകര്യം.
5. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഇരിപ്പിടസൗകര്യം.

## (i) ഡൈനിംഗ്ഹാൾ

1. എല്ലാ വിദ്യാർത്ഥികൾക്കും ഒന്നിച്ച് ഭക്ഷണം കഴിക്കാനുള്ള ടേബ്ൾ, ഇരിപ്പിട സൗകര്യം.
2. പ്ലെറ്റും കൈയ്യും കഴുകാനുള്ള സൗകര്യം.
3. 75 കുട്ടികൾക്ക് 1 എന്ന തോതിൽ സപ്ലെയർമാർ.
4. ടൈൽ ചെയ്ത് വൃത്തിയായി സൂക്ഷിക്കുന്ന നിലം.

## (j) കിച്ചൺ

1. കൃത്യമായി പാലിക്കപ്പെടുന്ന സമീകൃതാഹാര മെനു (കുട്ടികളുടെ പ്രായവും ആരോഗ്യ നിയമങ്ങളും കേരളീയ ജീവിത നിലവാരവും കുട്ടികളുടെ പരിമിതികളും പരിഗണിച്ചായിരിക്കണം മെനു തയ്യാറാക്കുന്നത്).
2. ടൈൽ ചെയ്ത് വൃത്തിയായി സൂക്ഷിക്കുന്ന നിലം.
3. മാലിന്യ സംസ്കരണത്തിനാവശ്യമായ സംവിധാനങ്ങൾ.
4. കിച്ചൺ ജീവനക്കാർക്ക് ഫിറ്റ്നസ്.

## (k) മറ്റു അടിസ്ഥാന സൗകര്യങ്ങൾ

1. സ്മാർട് ക്ലാസ്റൂം: പ്രൊജക്ടർ, കംപ്യൂട്ടർ, ഓഡിയോ സൗകര്യം, (ഇ–ക്ലാസ്സ്റൂമിനുള്ള ഇന്റർനെറ്റ്–കാമറ സംവിധാനത്തോടൊപ്പം).
2. ആക്ടിവിറ്റി റൂം. (വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങൾക്കും മറ്റും).
3. മെഡിക്കൽ റൂം.
4. കാമ്പസിന് ചുറ്റുമതിൽ.
5. വാട്ടർ പ്യൂരിഫെയർ.
6. റീഡിംഗ് ഏരിയ.
7. വ്യായാമം, കളി സൗകര്യം.
8. വൈദ്യുതി നിലക്കുമ്പോൾ പവർ ബേക്കപ്പ് സംവിധാനം.
9. അലക്കാനും ഉണക്കാനും മതിയായ സൗകര്യം.
10. ക്ലാസ്സ്റൂം, ലൈബ്രറി, സ്റ്റാഫ് റൂം, ഓഡിറ്റോറിയം, ഹോസ്റ്റൽ തുടങ്ങിയവയുടെ നിലം ചുരുങ്ങിയത് കാവി/റെക്സിൻ ആയിരിക്കണം.
11. ഒരു വാഫി അധ്യാപകനെ നിയമിക്കേണ്ടതാണ്.

## 2. വഫിയ്യക്ക് മാത്രം ബാധകമായവ

1. മതിയായ മുഴുവൻ സൗകര്യങ്ങളുള്ള കെട്ടിടവും ഉയരം കൂടിയ ചുറ്റുമതിലുമുള്ള സുരക്ഷിതമായ സ്വന്തം കാമ്പസ്.
2. ഫ്രണ്ട് ഓഫീസ് (വിദ്യാർത്ഥിനികളെ വന്നു കാണാൻ അനുവദിക്കപ്പെടുന്നവർ മറ്റു വിദ്യാത്ഥിനികളെ കാണാൻ ഇടവരാത്ത വിധം വേറിട്ട സ്വീകരണ സൗകര്യം).
3. ഒരു വഫിയ്യ അധ്യാപികയെ നിയമിക്കേണ്ടതാണ്.
4. പുരുഷാധ്യാപകർ പ്രായം കൂടിയവർ മാത്രം.
5. വിദ്യാത്ഥിനികളുടെ ശിക്ഷണത്തിനു ഇസ്‌ലാമിക നിയമങ്ങളും സംസ്കാരങ്ങളും വേഷവും കാത്തു സൂക്ഷിക്കുന്ന മുഴുസമയ മാർഗ്ഗദർശകകൾ .
6. ആവശ്യമുള്ള അധ്യാപികമാർക്ക് ഫാമിലി താമസ സൗകര്യം നിർബന്ധമായും നൽകേണ്ടതാണ്.
7. ഒന്നിച്ച് നിസ്കരിക്കാനുള്ള സൗകര്യം.
8. സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കാമ്പസിന് പുറത്ത് പ്രായമുള്ള പാറാവുകാർ.
9. ഒരു മുഴുസമയ മേട്രനെ നിയമിക്കേണ്ടതാണ്.
10. അകത്ത് പാചകത്തിനും വിതരണത്തിനും സ്ത്രീ തൊഴിലാളികൾ മാത്രം.
11. ഇസ്‌ലാമിക ശിക്ഷണത്തിനും അന്തരീക്ഷ സൃഷ്ടിക്കും ഭംഗം വരുത്തുന്ന വിധത്തിൽ ക്ലാസിലും ഹോസ്റ്റലിലും മറ്റും അന്യ സ്ത്രീകളുടെയോ വിദ്യാർത്ഥിനികളുടെയോ ഇടപഴകൽ ഇല്ലാതിരിക്കുക.
12. യൂണിഫോം പർദ്ദയും മഫ്തയും.
13. ലേഡീസ് ഫ്രണ്ട്ലീ ടോയ്‌ലറ്റുകൾ.

## 3. വഫിയ്യ ഡേ കോളേജിന് മാത്രം ബാധകമായവ

വാഫിയുടെ അടിസ്ഥാന സൗകര്യങ്ങളിൽ ഹോസ്റ്റൽ, കിച്ചൺ, ഡൈനിങ് ഹാൾ എന്നിവയല്ലാത്തത് വഫിയ്യ ഡേ കോളേജിനും ബാധകമാകും.

1. ഒരു ബാച്ച് തുടങ്ങുമ്പോൾ ചുരുങ്ങിയത് 30 കുട്ടികൾ ഉണ്ടായിരിക്കേണ്ടതാണ്.
2. യൂണിഫോം കറുപ്പല്ലാത്ത കളർ പർദ്ദയും വഫിയ്യ മഫ്തയും.
3. ഫീസ് നിശ്ചയിക്കുന്നത് സി.ഐ.സി. അനുവാദത്തോടെ മാത്രമായിരിക്കേണ്ടതാണ്.
4. സാനിറ്ററി സൗകര്യങ്ങൾ സർക്കാർ നിയമപ്രകാരം പൂർത്തീകരിക്കേണ്ടതാണ്.
5. പുരുഷാധ്യാപകർ, വാഹന ജോലിക്കാർ, മറ്റു ജീവനക്കാർ പ്രായവും പക്വതയുമുള്ളവർ മാത്രം. വാഹനങ്ങളിൽ സ്ത്രീ പുരുഷ ഏകാന്തത പാടുള്ളതല്ല.
6. ഫ്രണ്ട് ഓഫീസ്, വിദ്യാർത്ഥിനികളുടെ വിഹാര സ്ഥലങ്ങളിൽ നിന്നു അകലെയായിരിക്കേണ്ടതാണ്.
7. വഫിയ്യ ഡേ കോളേജ് പ്രവർത്തന സമയത്ത് തികച്ചും സ്വതന്ത്രമായി പ്രവർത്തിക്കുന്ന സപ്പറേറ്റ് സ്ഥാപനമായിരിക്കേണ്ടതാണ്. മറ്റു വനിതകളോടോ വനിതാസ്ഥാപനങ്ങളോടോ ഇടകലരുന്നതും ഷെയർ ചെയ്യപ്പെടുന്നതും ആയിരിക്കരുത്.
8. ഒരു വഫിയ്യ അധ്യാപികയെ നിയമിക്കേണ്ടതാണ്.
9. അധ്യാപിക-അനധ്യാപികമാരും രക്ഷിതാക്കളും മാനേജ്മെന്റും അതതു സമയങ്ങളിൽ സി.ഐ.സി. നിശ്ചയിക്കുന്ന പരിശീലനങ്ങളിലും ക്ലാസ്സുകളിലും സംഗമങ്ങളിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
10. സ്ഥാപനത്തിനു വിദ്യാർത്ഥിനികളുടെ സ്വതന്ത്ര വിഹാരത്തിന് വേണ്ട സ്വകാര്യതയും വിശാലതയും ഉണ്ടായിരിക്കേണ്ടതാണ്. സ്ഥാപനത്തിനോ ചുറ്റു മതിലിനോ പുറമെ നിന്നുള്ള പ്രവേശം പൂർണ്ണമായി നിയന്ത്രിക്കുന്ന കവാടവും പാറാവും ഉണ്ടായിരിക്കേണ്ടതാണ്.
11. ഒരു മുഴുസമയ മേട്രനെ നിയമിക്കേണ്ടതാണ്.

12. **യാത്ര:** വിദ്യാർത്ഥിനികളുടെ വീടുമുതൽ സ്ഥാപനം വരെയുള്ള യാത്ര സുരക്ഷിതമാണെന്നു രക്ഷിതാവും സ്ഥാപനവും ഉറപ്പുവരുത്തേണ്ടതും അതിനു സ്വീകരിക്കുന്ന പഴുതടച്ച രീതികൾ സിഐസിയെ ബോധ്യപ്പെടുത്തേണ്ടതുമാണ്. സി.ഐ.സി. അംഗീകരിക്കാത്ത രീതികൾ സ്വീകരിക്കാൻ പാടുള്ളതല്ല. യാത്രാരീതി നിശ്ചയിച്ച ശേഷം മാത്രമേ അഫിലിയേഷൻ നിലവിൽ വരൂ (സ്വന്തം വാഹനം, രക്ഷിതാക്കൾ ഏരിയ തിരിഞ്ഞു ഏർപ്പെടുത്തുന്ന വാഹനം, വീടിനു തൊട്ടടുത്തു വരെ എത്തുന്ന സ്ഥാപന വാഹനം, അകലെയല്ലാത്ത വീടുകൾവരെ കൂട്ടകാൽനട തുടങ്ങിയ രീതികൾ പരിഗണനീയമായിരിക്കും. ലൈൻ ബസുകളിലുള്ള യാത്ര അനുവദിക്കുന്നതല്ല).
13. കോളേജിന് പുറത്ത് നടക്കുന്ന കോണ്ടാക്ട് ക്ലാസ്സുകൾ, പരീക്ഷകൾ തുടങ്ങിയവക്കുള്ള യാത്ര കോളേജിന്റെ ഉത്തരവാദിത്വത്തിലായിരിക്കേണ്ടതാണ്.
14. കോളേജ് സമയം വളരെ കൃത്യമായിരിക്കേണ്ടതും, അതിൽ വരുന്ന ചെറിയ മാറ്റങ്ങൾ പോലും രക്ഷിതാവിനെ അറിയിക്കേണ്ടതുമാണ്. സ്ഥാപനത്തിലോ, വീട്ടിലോ വിദ്യാർത്ഥിനി നിർണിത സമയത്ത് എത്താതിരിക്കുമ്പോൾ സ്ഥാപനവും വീടും അടിയന്തിരമായി പരസ്പരം ബന്ധപ്പെടേണ്ടതാണ്.
15. സ്ഥാപനത്തിൽ എത്താൻ നിശ്ചയിച്ച രീതിയും സമയവും തെറ്റുമ്പോൾ രക്ഷിതാവ് കുട്ടിയെ നേരിട്ട് എത്തിക്കേണ്ടതാണ്.
16. സാഹിത്യ സമാജങ്ങളും മറ്റ് കോ-കരിക്കുലർ പ്രവർത്തനങ്ങളും WSF തീരുമാനിക്കുന്ന അളവിൽ നടത്തപ്പെടേണ്ടതാണ്.
17. വഫിയ്യ WSF വുമായി സഹകരിച്ച് ഫെസ്റ്റുകളും സഹവാസ ക്യാമ്പുകളും മറ്റും നടത്തപ്പെടുന്നതാണ്. അവയുടെ വിശദാംശങ്ങളും അളവും WSF നിർദ്ദേശം പരിഗണിച്ച് സി.ഐ.സി. നിശ്ചയിക്കുന്നതാണ്.

## 4. അധ്യാപകർ

താഴെ പറയും പ്രകാരം യോഗ്യരായ അധ്യാപകർ.

| ക്ലാസ് | അധ്യാപകരുടെ എണ്ണം | യോഗ്യത |
|---|---|---|
| തംഹീദിയ്യ | 3 (ഫുൾടൈം) | പി.ജി |
| ആലിയ | 7 (ഫുൾടൈം) | പി.ജി |
| മുത്വവ്വൽ | 20 ടീച്ചിങ് പിരീഡുകൾക്ക് ഒരധ്യാപകൻ എന്ന തോതിൽ | പി.ജി, 10 വർഷത്തെ അധ്യാപന പരിചയം |

(ഒരധ്യാപകന് ഒരു ദിവസം പരമാവധി 5 പിരീഡ് മാത്രം ഒരാഴ്ചയിൽ 30 പിരീഡ്).

1. അടിസ്ഥാന ശമ്പളം പി.ജി ക്കാർക്ക് : 12,000. പി.ജി ഇല്ലാത്തവർക്ക് : 10,000.
2. സി.ഐ.സി. നിശ്ചയിക്കുന്ന മാനദണ്ഡമനുസരിച്ച് ശമ്പളത്തിൽ ഇന്ക്രിമെന്റ് വരുത്തേണ്ടതാണ്.

തസ്തികകളും ശമ്പളവും താഴെ ചേർക്കുന്നു.

| തസ്തിക | യോഗ്യത | ശമ്പളം |
|---|---|---|
| ലക്ചറർ | • മാസ്റ്റർ ഡിഗ്രിയിൽ 55% മാർക്ക് | 12,000 |
| അസിസ്റ്റന്റ് പ്രൊഫസർ | • മാസ്റ്റർ ഡിഗ്രിയിൽ 55% മാർക്ക്<br>• WET(വാഫി എലിജിബിലിറ്റി ടെസ്റ്റ്) / PhD / 5 വർഷത്തെ അധ്യാപന പരിചയം | 14,000 |
| അസോസിയേറ്റ് പ്രൊഫസർ | • 10 വർഷത്തെ പരിചയം / 5 വർഷത്തെ പരിചയവും PhD യും<br>• 2 പബ്ലിഷ്ഡ് വർക്കുകൾ | 16,000 |
| പ്രൊഫസർ | • 20 വർഷത്തെ പരിചയം / 15 വർഷത്തെ പരിചയവും PhD യും<br>• 2 പബ്ലിഷ്ഡ് വർക്കുകൾ | 20,000 |
| പ്രിൻസിപ്പാൾ | • 22 വർഷത്തെ പരിചയം / 17 വർഷത്തെ പരിചയവും PhD യും<br>• 2 പബ്ലിഷ്ഡ് വർക്കുകൾ | |

**4. ഗ്രേഡിംഗ്**

അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക്ക് സൗകര്യങ്ങളും മിനിമത്തിൽ കൂടുതൽ ഒരുക്കുന്ന സ്ഥാപനങ്ങളെ രണ്ടു വർഷത്തിലൊരിക്കൽ പരിശോധിച്ചു തരം തിരിച്ചു ഗ്രേഡും സ്റ്റാറും നൽകുന്നതും അതു പ്രോസ്പെക്റ്റസിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

ഗ്രേഡും സ്റ്റാറും നൽകുന്നത് താഴെ കാണിക്കും പ്രകാരമായിരിക്കും:

| MARK | GRADE | STAR |
|---|---|---|
| 90 –100 % | A | **** |
| 80 -89 % | B | *** |
| 70 -79 % | C | ** |
| 60 -69 % | D | * |